# SYRIAN ORTHODOX PATRIARCHATE
# OF ANTIOCH & ALL THE EAST

**BABTOUMA**
**P.O. BOX-22260**
**DAMASCUS, SYRIA,**
**NO.EI 100/14**

**18th December 2014**

**ദൈവകൃപയാൽ**
**ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനും**
**അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസുമായ**
**ഇഗ്നാത്തിയോസ് അഫ്രേം ദ്വിതീയൻ**
**(മുദ്ര)**

ക്രിസ്തുയേശുവിൽ നമ്മുടെ സഹോദരനായ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്കായ്ക്കും, സ്നേഹം നിറഞ്ഞ നമ്മുടെ അഭി.മെത്രാപ്പോലീത്തമാർക്കും, വന്ദ്യ കോറെപ്പിസ്കോപ്പമാർക്കും, അർപ്പിതരായ ദയറാക്കാർക്കും, ബഹു. വൈദീകർക്കും, പ്രിയപ്പെട്ട ശെമ്മാശന്മാർക്കും, സമർപ്പിതരായ കന്യാസ്ത്രീകൾക്കും, യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിലെയും, വടക്കൻ അമേരിക്കായിലെ മലങ്കര അതിഭദ്രാസനത്തിലെയും, ഗൾഫ് രാജ്യങ്ങളിലെയും, യൂറോപ്പ്, ആസ്ട്രേലിയ, സിംഗപ്പൂർ എന്നിവിടങ്ങളിലെ മലങ്കര സുറിയാനി യാക്കോബായ പള്ളികളിലെയും, കോൺഗ്രിഗേഷനുകളിലെയും, സിംഹാസന പള്ളികളിലെയും, ക്നാനായ അതിഭദ്രാസനത്തിലെയും എല്ലാ വിശ്വാസികൾക്കും, ശ്ലൈഹീക വാഴ്വ്.

ബെത്ലഹേമിൽ നമ്മുടെ ദൈവത്തിന്റെ തിരുപിറവി ആഘോഷിക്കാനായി ഒരുങ്ങുമ്പോൾ നമുക്ക് മാലാഖമാരുടെ ധൈര്യപ്പെടുത്തുന്ന വാക്കുകളെ സ്മരിക്കാം. ***"ഭയപ്പെടേണ്ടാ സർവ്വ ജനത്തിനും ഉണ്ടാവാനുള്ളൊരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു"*** (വി.ലൂക്കോസ് 2:10-11). ദൈവം നമ്മോടുകൂടെ- ഇമ്മാനുവേലിലുള്ള പ്രത്യാശയുടെ ആത്മാവിൽ നിങ്ങൾക്കേവർക്കും ഹൃദയത്തിന്റെ അഗാധത്തിൽ നിന്നും നിറഞ്ഞു കവിയുന്ന സ്നേഹത്തിൽ ക്രിസ്തുമസും പുതുവത്സരവും നേരുന്നു.

ദൈവത്തിന്റെ എളിയ ദാസിയും അനുഗ്രഹീതയുമായ വി.കന്യകമറിയാമിൽനിന്നും ബേത്ലഹേമിലെ പുൽത്തൊട്ടിലിലെ ദിവ്യ ജനനം തരംതിരിവില്ലാത്ത അതിരറ്റ ദൈവസ്നേഹത്തിന്റെ വാഗ്ദത്തമാണ്. ദൈവസ്നേഹം നമ്മളെ ഈ വലിയ രഹസ്യം ധ്യാനിക്കുവാൻ ക്ഷണിക്കുന്നു. ഒരിക്കൽകൂടി ദൈവത്തിന്റെ മക്കളാക്കി നമ്മളെ വീണ്ടെടുക്കുന്നതിനുവേണ്ടി ദൈവം നമ്മളിൽ ഒരുവനായി. അതിനാൽ നാം സ്നേഹത്തിന്റെ ഉറവിടമായ ദൈവത്തിനുള്ളവരാണ്. അതുകൊണ്ട് ഈ വിശുദ്ധകാലത്തിന്റെ സന്തോഷം ആശ്ലേഷിച്ചുകൊണ്ട് മാലഖമാരോട് ചേർന്ന് നമുക്കും ഉച്ചത്തിൽ ഘോഷിക്കാം. ***"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം"*** (വി.ലൂക്കോസ്.2.14)

കർത്താവിൽ പ്രിയരെ, ക്രിസ്തുമസിന്റെ സന്തോഷത്തിൽ നിന്നും, സ്നേഹത്തിൽ നിന്നുമുള്ള പ്രചോദനം ഉൾകൊണ്ടു കൊണ്ട് ലോകത്തിന്റെ എല്ലാഭാഗങ്ങളിലുമുള്ള അന്ത്യോഖ്യായിലെ പരി.സഭയുടെ ആത്മീയ മക്കൾക്ക് നമ്മുടെ അഗാധമായ സ്നേഹം അറിയിക്കുവാൻ ആഗ്രഹിക്കുന്നു. ആഴത്തിലുള്ള നിങ്ങളുടെ ദൈവ വിശ്വാസവും, പരി. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള അചഞ്ചലമായ ഭക്തിയും ഏറെ പ്രശംസനീയമാണ്. **"അമ്മയെ ഞങ്ങൾ മറന്നാലും അന്ത്യോഖ്യായെ മറക്കില്ല"** എന്ന ഓരോ വിശ്വാസിയുടേയും ഹൃദയത്തിൽ എഴുതിചേർത്ത സത്യവിശ്വാസത്തിന്റേതായ പ്രസ്താവന കേൾക്കുമ്പോൾ നമ്മുടെ ഹൃദയം സന്തോഷംകൊണ്ട് തുടിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

അന്ത്യോഖ്യായുടെ ഒന്നാമത്തെ പാത്രിയർക്കീസ് ആയ പരി.പത്രോസിന്റെ വിശ്വാസവും ഇന്ത്യയുടെ അപ്പോസ്തോലനായ പരി.തോമാശ്ലീഹായുടെ വിശ്വാസവും, സഭാപിതാക്കന്മാരുടെയും, പുരോഹിതന്മാരുടെയും, ദയാറാക്കാരുടേയും അനേകം രക്തസാക്ഷികൾ രക്ഷിതാവായ യേശുക്രിസ്തുവിന്റെ നാമത്തിൽ തങ്ങളുടെ ജീവിതം നൽകി നേടിയ വിശ്വാസവും നമുക്കും പകർത്താം. കഴിഞ്ഞ 50 വർഷത്തെ ഇന്ത്യയിലുള്ള നമ്മുടെ സഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ ക്രിസ്തുവിൽ നമ്മുടെ സഹോദരൻ ഇന്ത്യയുടെ കാതോലിക്ക ബസ്സേലിയോസ് തോമസ്

പ്രഥമൻ ബാവായെ ഓർക്കുകയും അദ്ദേഹത്തിന്റെ വിശ്രമമില്ലാത്ത ശുശ്രൂഷയെ നാം ആദരിക്കുകയും ചെയ്യുന്നു. നാം സത്യമായും ദൈവത്തിന്റെ പദ്ധതിയിൽ വിശ്വസിക്കുന്നു. നല്ലവനായ കർത്താവ് ഭൂമിയിലുള്ള ദൈവീക വേലയെ നിർവ്വഹിക്കുന്നതിന് കാലകാലങ്ങളിൽ ***"മനസ്സിനൊത്ത ഇടയന്മാരെ ചുമതലപ്പെടുത്തും"*** (യിരമ്യാവ്-3:15) കഠിനപ്രയ്തനം കൊണ്ടും പ്രതിബന്ധതകൊണ്ടും ശ്രേഷ്ഠ കാതോലിക്ക ബാവ അത്തരത്തിലുള്ള ഒരു ഇടയനാണെന്ന് തെളിയിച്ചു. നമ്മുടെ ആത്മീയ മക്കളേ, അടുത്തുവരുന്ന അപ്പോസ്തോലീക സന്ദർശനത്തിൽ നിങ്ങളെ കാണുന്നതിന് നാം കാത്തിരിക്കുന്നു. നിങ്ങളോടുള്ള നമ്മുടെ സ്നേഹവും, നിങ്ങളെ സന്ദർശിക്കാനുള്ള നമ്മുടെ ആശയും യെശയ്യാ പ്രവാചകൻ ദൈവത്തിനായ് സിയോനിൽ പ്രസ്താവിച്ചതിൽ നിന്ന് ഉദ്ധരിക്കട്ടെ. ***"ഒരു സത്രീ തന്റെ കുഞ്ഞിനെ മറക്കുമോ?താൻ പ്രസവിച്ച മകനോടു കരുണതോന്നാതിരിക്കുമോ. അവർ മറന്നുകളഞ്ഞാലും ഞാൻ നിന്നെ മറക്കുകയില്ല. ഇതാ ഞാൻ നിന്നെ എന്റെ ഉള്ളങ്കയ്യിൽ വരച്ചിരിക്കുന്നു. നിന്റെ മതിലുകൾ എല്ലായ്പ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു"*** (യെശയ്യാവ്.49:15,16)

നമ്മുടെ വാത്സല്യ മക്കളേ കർത്താവിന്റെ മനുഷ്യാവതാരപ്പെരുന്നാൾ നാം ആഘോഷിക്കുമ്പോൾ, നമ്മുടെ ഹൃദയം സ്വയം നൽകുന്ന, ക്ഷമിക്കുന്ന മനുഷ്യവർഗ്ഗത്തിനുവേണ്ടി സമർപ്പിക്കുന്ന ദൈവസ്നേഹം കൊണ്ട് നിറയട്ടെ. ഈ സ്നേഹത്തേക്കാൾ വലിയ സ്നേഹമില്ല. ക്രിസ്തുമസിന്റെ ഈ നാളുകൾ ക്ഷമിക്കുന്ന ആത്മാവിനെ ആശ്ലേഷിക്കാൻ നിങ്ങളെ നാം ഉദ്ബോധിപ്പിക്കുന്നു. ദൈവത്തിന് നമ്മുടെ ഹൃദയത്തിലുള്ള വേദനകളും മുറിവുകളും അറിയാം. നമ്മുടെ ഹൃദയം ക്ഷമിക്കുന്നതാകുമ്പോൾ ദൈവം നമ്മെ ആശ്വസിപ്പിക്കുകയും തന്റെ അളവില്ലാത്ത സ്നേഹത്താൽ നിറയ്ക്കുകയും ചെയ്യട്ടെ. വിശുദ്ധ ദൈവമാതാവിന്റെയും, പ്രവാചകന്മാരുടേയും, അപ്പോസ്തോലന്മാരുടേയും, പരിശുദ്ധന്മാരുടേയും, സഹദേന്മാരുടേയും മദ്ധ്യസ്ഥതയാൽ സ്നേഹത്തിന്റെ ആത്മാവിനാലുള്ള ക്രിസ്തുമസ് നിങ്ങളെ ശക്തീകരിക്കട്ടെ. മദ്ധ്യപൂർവ്വ ദേശത്തെ പീഢയനുഭവവിക്കുന്നവർക്ക് പ്രത്യേകാൽ ഇറാഖിലും, സിറിയായിലും ഉള്ള ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് നാം നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. തട്ടികൊണ്ടുപോയ നമ്മുടെ സഹോദരങ്ങളായ രണ്ട് മെത്രാപ്പോലീത്തന്മാരെ വേദനയോടെ ഓർക്കുകയും അവർക്കുവേണ്ടി നാം നിങ്ങളുടെ പ്രാർത്ഥനയെ ആവശ്യപ്പെടുകയും ചെയ്യുന്നു. ദൈവത്തിന്റെ പദ്ധതി നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും നിറവേറ്റപ്പെടുവാൻവേണ്ടി പ്രാർത്ഥിപ്പിൻ. ദൈവത്തിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ. നിങ്ങൾക്കേവർക്കും നമ്മുടെ അപ്പോസ്തോലീക അനുഗ്രഹം നേരുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ....................

**No. P 17/14**

കർത്താവിൽ പ്രിയരെ,

പരിശുദ്ധ പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് അയച്ചു തന്നിരിക്കുന്ന **No. EI 100/14-** ാം നമ്പർ കൽപനയുടെ ശരിപകർപ്പ് നിങ്ങളുടെ അറിവിലേക്കായി അയച്ചു തരുന്നു.

JACOBITE SYRIAN CHRISTIAN CHURCH 2002

പുത്തൻകുരിശ്
പാത്രിയർക്കാ സെന്ററിൽ നിന്നും,
2014 ഡിസംബർ മാസം 19-ാം തീയതി.

**ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക**